**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ഓഫീസ്, കോഴിക്കോട്**

സാധ്യതാ പട്ടിക നമ്പർ: 03/09/ഡി.ഒ.ഡി. — കോഴിക്കോട്,
കാറ്റഗറി നമ്പർ: 230/2007 — 05.03.2009.

## വിജ്ഞാപനം

10.07.2007-തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം കോഴിക്കോട് ജില്ലയിലെ വിവിധ വകുപ്പുകളിൽ 4990-7990/- രൂപ ശമ്പള നിരക്കിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് – പട്ടിക വർഗ്ഗക്കാരിൽ നിന്ന് മാത്രം) തസ്തിക (കാറ്റഗറി നമ്പർ 230/2007) യിലേക്കുള്ള തെരഞ്ഞെടുപ്പിനായി 20.09.2008 തീയതിയിൽ നടത്തിയ പൊതുഎഴുത്തു പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി സോപാധികമായി അർഹരാണെന്ന് കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ഉൾപ്പെട്ട സാധ്യതാ പട്ടിക ചുവടെ ചേർത്തിരിക്കുന്നു. ഈ രജിസ്റ്റർ നമ്പറുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുൻപായി സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പറുകൾ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ജനനത്തീയതി, ജാതി, യോഗ്യത മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

എഴുത്ത് പരീക്ഷയ്ക്ക് ഹാജരായ മൊത്തം ഉദ്യോഗാർത്ഥികളിൽ, യോഗ്യരായ ഉദ്യോഗാർത്ഥികളെയാണ് ഈ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

രജിസ്റ്റർ നമ്പറുകൾക്ക് മുന്നിലായി കോഴിക്കോട് ജില്ലയെ സൂചിപ്പിക്കുന്ന 'ഡി' (D) എന്ന അക്ഷരം ചേർത്തു വായിക്കേണ്ടതാണ്.

### മുഖ്യ പട്ടിക (ലിസ്റ്റ് I)

| | | | | |
|---|---|---|---|---|
| 501 | 502 | 505 (PH) | 510 | 514 |
| 517 | 518 | 519 | 521 | |

### വികലാംഗരുടെ പ്രത്യേക പട്ടിക (ലിസ്റ്റ് II)

505

**കുറിപ്പ്:-**

1) അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥികൾക്ക് പ്രദാനം ചെയ്യുന്നില്ല.

2) അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാധ്യതാ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനു ശേഷമുള്ള അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

(തുടർച്ച .. 2)

**3)** സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന കാര്യങ്ങൾ – അതായത് വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, ജാതി എന്നിവയും, മറ്റു ആനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നെങ്കിൽ അതും തെളിയിക്കുന്നതിനാവശ്യമായ അസ്സൽ പ്രമാണങ്ങളുടെ പരിശോധനയ്ക്കായി നിശ്ചിത സ്ഥലത്തും, തീയതിയിലും പ്രമാണങ്ങളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകൾ സഹിതം, നേരിട്ട് ഹാജരാകേണ്ടതാണ്. പ്രമാണങ്ങളുടെ പരിശോധനയ്ക്ക് നേരിൽ ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെ പേരുകൾ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതല്ല.

സംവരണാനുകൂല്യത്തിനായി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ തഹസീൽദാരിൽ നിന്നും 22.03.2005-ന് ശേഷം ലഭിച്ച ജാതി സർട്ടിഫിക്കറ്റും, രണ്ട് ശരിപ്പകർപ്പുകളും ഹാജരാക്കേണ്ടതാണ്. ഹാജരാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ഇനിയൊരറിയിപ്പു കൂടാതെ തന്നെ ഈ പട്ടികയിൽ നിന്ന് നീക്കം ചെയ്യുന്നതാണ്.

വിമുക്ത ഭടന്മാർ, കായികതാരങ്ങൾ, അംഗവൈകല്യം സംഭവിച്ചവർ എന്നീ വിഭാഗത്തിൽപ്പെട്ടവർ അവർക്കായുള്ള പ്രത്യേക ആനുകൂല്യങ്ങൾ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുണ്ടെങ്കിൽ ആയവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ നേരിട്ടല്ലാതെ ഹാജരാക്കുന്ന രേഖകൾ സ്വീകരിക്കുന്നതല്ല.

സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ (വികലാംഗ ഉദ്യോഗാർത്ഥികൾ ഒഴികെ) അസ്സൽ പ്രമാണങ്ങളുടെ പരിശോധന **20.03.2009**-ന് **ഉച്ചയ്ക്ക് 2 മണിയ്ക്ക് കോഴിക്കോട് സിവിൽ സ്റ്റേഷനിലുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ഓഫീസിൽ** വെച്ച് നടത്തുന്നതാണ്. ഇതിലേയ്ക്കായി വ്യക്തിഗത മെമ്മോ അയയ്ക്കുന്നതാണ്. ഉദ്യോഗാർത്ഥികൾ പ്രമാണങ്ങളുടെ പരിശോധനയ്ക്കായി അന്നേ ദിവസം കൃത്യസമയത്ത് സ്വന്തം ചെലവിൽ നേരിട്ട് ഹാജരാകേണ്ടതാണ്. വികലാംഗരായ ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് പരിശോധനയുടെയും യോഗ്യതാ നിർണയത്തിനായുള്ള അഭിമുഖത്തിന്റെയും തീയതിയും സമയവും പിന്നീട് അറിയിക്കുന്നതാണ്. (ഇതു സംബന്ധിച്ച് വ്യക്തിഗത മെമ്മോ അയയ്ക്കുന്നതാണ്.)

സമയബന്ധിതമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതിനാൽ അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുകയോ വീണ്ടും ഒരവസരം നൽകുകയോ ചെയ്യുന്നതല്ല. ആകയാൽ അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്യോഗാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട പ്രമാണങ്ങൾ

| | | | |
|---|---|---|---|
| (1) | ജനനത്തീയ്യതി/വയസ്സ് | : | ബന്ധപ്പെട്ട സ്കൂൾ രേഖകളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും |
| (2) | വിദ്യാഭ്യാസ യോഗ്യത | : | ടി തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ. (അസ്സലും പകർപ്പും) |
| (3) | ജാതി/സമുദായം (സംവരാണാനുകൂല്യത്തിന്) | : | ജാതി സർട്ടിഫിക്കറ്റ് (അസ്സലും, 2 പകർപ്പും) |

(തുടർച്ച ... 3)

| | | | |
|---|---|---|---|
| (4) | പേര്, ജനനത്തീയ്യതി, ഒപ്പ്, ജാതി, എന്നിവയിൽ വ്യത്യാസം. | : | പേര്, ജനനത്തീയ്യതി, ഒപ്പ്, ജാതി, എന്നിവയിൽ വ്യത്യാസം വരുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾ ആയവ തെളിയിക്കുന്നതിനാവശ്യമായ ഗസറ്റ് വിജ്ഞാപനം. (അസ്സലും, പകർപ്പും) |

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

എസ്.വർദ്ധനൻ,
ജില്ലാ ഓഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
ജില്ലാ ഓഫീസ്, കോഴിക്കോട്.

വിതരണാനുമതി നൽകുന്നു.

സെക്ഷൻ ഓഫീസർ

*BKJ/5/3/C5*